ഇ.എസ്1-33075/2017/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 02/12/2022

# നോട്ടീസ്

വിഷയം : ആ.വ.ഡ - ജീവനക്കാര്യം – ജെ.എച്ച്.ഐ.ഗ്രേഡ്2 തസ്തികയിലെ ജീവനക്കാരുടെ 01.04.2000 മുതൽ 31.10.2007 വരെയുള്ള കാലയളവിലെ സീനിയോരിറ്റി ലിസ്റ്റിൽ സ്ഥാനം താൽക്കാലികമായി പുനഃക്രമീകരിക്കുന്നത്- സംബന്ധിച്ച്.

സൂചന : 1.ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒഎ (ഇകെഎം) നം.696/2017 മേലുള്ള കേസിലെ 24.01.2019 ലെ ഉത്തരവ്.
2. സഉ (സാധാ) നം.2116/2022/ആകു വ തീയതി 26/08/2022

സൂചന (1) പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അന്തിമ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01.04.2000 മുതൽ 31.10.2007 വരെയുള്ള ഗ്രേഡ്2 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ജെ എച്ച് ഐ മാരായി ബൈട്രാൻസ്ഫർ നിയമനം ലഭിച്ച ശ്രീ.മുഹമ്മദ് മാഹീൻ, ശ്രീ.റസ്സൽ.എസ്.എൻ, ശ്രീ.പി.ബിനോയ് എന്നിവരുടെ സ്ഥാനം പുന: ക്രമീകരിക്കുന്നതിന് സൂചന (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. നിലവിൽ ശ്രീ.മുഹമ്മദ് മാഹീൻ.എ യുടെ സ്ഥാനം 1062 C യും ശ്രീ.റസൽ. S ന്റെ സ്ഥാനം 1062 E യും ശ്രീ.ബിനോയി പി യുടെ സ്ഥാനം 1062 F ഉം ആണ്. ടി ജീവനക്കാർ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരായി ആരോഗ്യവകുപ്പിൽ പ്രവേശിച്ചത് യഥാക്രമം 19/11/1999, 29/01/2001 , 06/09/2001 എന്നീ തീയതികളിലാണ്. ജെഎച്ച്ഐ ഗ്രേഡ്2 തസ്തികയിലേയ്ക്ക് ബൈട്രാൻസ്ഫർ നിയമനത്തിന് യോഗ്യത നേടിയത് ആദ്യത്തെ രണ്ടുപേർ 2002 മേയ് മാസവും ശ്രീ ബിനോയി പി 1997 മേയിലും ആണ്. അതിൻപ്രകാരം 15/09/2004 ൽ ജെ എച്ച് ഐ ഗ്രേഡ്2 തസ്തികയിൽ സ്ഥാനക്കയറ്റവും നൽകിയിരുന്നു. പി എസ് സി വഴി നിയമനം ലഭിച്ച ജെ എച്ച് ഐ ഗ്രേഡ്2 മാരുടെ സീനിയോരിറ്റി KS &SSR Rule 27 (C) പ്രകാരം പി എസ് സി യുടെ നിയമന ശുപാർശ തീയതിയും ബൈട്രാൻസ്ഫർ നിയമനം ലഭിച്ചവരുടെ സീനിയോരിറ്റി KS &SSR Rule 28 (bb) പ്രകാരം ഇവർ പ്രസ്തുത തസ്തികയിലേയ്ക്ക് യോഗ്യത നേടിയ തീയതിയിലോ അതിനുശേഷമോ ജെ എച്ച് ഐ ഗ്രേഡ് 2 തസ്തികയിൽ ഒഴിവ് വന്ന തീയതിയുമാണ് പരിഗണിക്കുന്നത്.

സൂചന (2) ലെ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 01.04.2000 മുതൽ 31.10.2007 വരെയുള്ള ഗ്രേഡ്2 ജെ എച്ച് ഐ മാരുടെ, ഉത്തരവ് നം ഇഎസ്1-20074/2010 ആ വഡ തീയതി 27.04.2013 പ്രകാരം പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റിൽ ശ്രീ.മുഹമ്മദ് മാഹീൻ എ , ശ്രീ.റസ്സൽ എസ് എൽ, ശ്രീ.ബിനോയി പി എന്നിവരെ ചുവടെ ചേർക്കും പ്രകാരം പുന: നിർണ്ണയിക്കുവാൻ താത്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

ഈ നോട്ടീസിന്മേൽ ആർക്കെങ്കിലും പരാതികൾ ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 7 ദിവസത്തിനകം നേരിട്ടോ തപാൽ മാർഗ്ഗമോ ബന്ധപ്പെട്ട അധികാരികൾ മുഖേന ഈ ആഫീസിൽ എത്തിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആക്ഷേപങ്ങളൊന്നും ഇല്ലായെന്ന നിഗമനത്തിൽ തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

ഒപ്പ്/-
ഡോ. റീന. കെ. ജെ
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T)

പകർപ്പ്:-
1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർ ക്കും(ആരോഗ്യം)
(ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)
2. ബന്ധപ്പെട്ട ജീവനക്കാർ
3. സീനിയർ സൂപ്രണ്ട്, ഇ ജി സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//
സീനിയർ സൂപ്രണ്ട്

| ക്രമ നമ്പർ | പേര് | ജനന തീയതി | ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച തീയതി (ഫീഡർ കാറ്റഗറി) | പരിവീക്ഷണ കാലം പൂർത്തീകരിച്ച തീയതി (ഫീഡർ കാറ്റഗറി) | യോഗ്യത നേടിയ വർഷം | JHI Gr. II ആയി സേവനത്തിൽ പ്രവേശിച്ച തീയതി | നിലവിലെ റാങ്ക് നമ്പർ | പുനഃക്രമീകരിക്കാൻ ഉദ്ദേശിക്കുന്ന സ്ഥാനം | സ്ഥാനക്രമം |
|---|---|---|---|---|---|---|---|---|---|
| 1 | മുഹമ്മദ് മാഹിൻ. എ | 26.05.1971 | 19.11.1999 | 19.11.2000 | മെയ് 2002 | 16.09.2004 | 1062 C | 108 A(1) | റഫ്മത്ത്. ടി. എച്ച്. നം (റാങ്ക് നം 108A) അജിത്ത്. എ യ്ക്കും (റാങ്ക് നം. 108 B) മധ്യേ |
| 2 | റസൽ. എസ്. എൻ | 31.05.1976 | 29.01.2001 | 29.01.2002 | മെയ് 2002 | 16.09.2004 | 1062 E | 108 (C) | അജിത്ത്. എ. യ്ക്കും (റാങ്ക് നം 108 B) നിജി. കെ. കൃഷ്ണനും (റാങ്ക് നം. 109) മധ്യേ |
| 3 | ബിനോയി. പി | 30.05.1977 | 06/09/2001 | 04.12.2002 | മെയ് 1997 | 16.09.2004 | 1062 F | 108 (D) | നിജി. കെ. കൃഷ്ണനും (റാങ്ക് നം 109) ജ്യോതിഷ് കുമാർ. ജി. എൽ. നും (റാങ്ക് നം. 110) മധ്യേ |

ഒപ്പ്/-
ഡോ. റീന. കെ. ജെ
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T)

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്